# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ട ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതി</u>

8387 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിയിൽപ്പെട്ട ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നല്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായങ്ങളാണ് അമ്മമാർക്കും കുട്ടികൾക്കും ലഭ്യമാകുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

8388 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമേറ്റപ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു ; എത്ര രൂപ വീതമായിരുന്നു ധനസഹായം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മുൻ സർക്കാർ പട്ടികജാതി വിദ്യാർത്ഥികൾക്കായി പുതുതായി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

8389 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി.കെ.എസ്.എഫ്. സാധാരണ ജനങ്ങളിലേയ്ക്കും ചെറുകിട കച്ചവടമേഖലയിലേയ്ക്കും എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ചെറുകിട കച്ചവടക്കാർക്ക് കൂടി പ്രയോജനപ്പെടുന്ന നിലയിൽ ജി.കെ.എസ്.എഫ്. ജനറൽ കാറ്റഗറി രജിസ്ട്രേഷൻ നിരക്ക് ഗണ്യമായി കുറയ്ക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ</u>

8390 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് ;

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ്വാശ്രയ എഞ്ചിനിയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് നൽകുന്നുണ്ടോ ; വിശദാംശം നൽകുമോ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ 6 വർഷക്കാലം ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗ ആനുകൂല്യങ്ങൾ</u>

8391 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ, വിധവകൾ അപകടമരണം സംഭവിച്ചവരുടേയും, ആത്മഹത്യ ചെയ്തവരുടേയും ആശ്രിതർ, മിശ്രവിവാഹിതർ, മാരകരോഗം ബാധിച്ചവർ, വികലാംഗർ എന്നിവർക്ക് എന്തെല്ലാം ധനസഹായ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ വിശദാംശവും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം</u>

8392 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പരാതി ഗൗരവമായി പരിഗണിച്ച് ഈ വകുപ്പിൽ പട്ടികജാതിക്കാർക്ക് സംവരണം ഉറപ്പാക്കുന്നതിനായി സമഗ്രമായ അന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

2011-12-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവിനത്തിൽ അക്കൗണ്ടിൽ നിക്ഷേപിച്ച തുക

8393 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ 2011-12-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും, ചെലവിനത്തിൽ വകയിരുത്തി ഏതെങ്കിലും അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഹെഡ്ഡിൽ നിന്നും എന്തു തുക, ഏത് അക്കൗണ്ടിൽ, എന്തിന് വേണ്ടി നിക്ഷേപിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>എറണാകുളം ഗസ്റ്റ്ഹൗസിലെ അഴിമതി ആരോപണങ്ങൾ</u>

8394 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗസ്റ്റ് ഹൗസിലെ അഴിമതി ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അഴിമതി കേസുമായി ബന്ധപ്പെട്ട് ഇതേവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

8395

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ നെടിയിരുപ്പ് പട്ടികജാതി കോളനിയുടെ ഭൂമി അന്യാധീനപ്പെട്ട് പോകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1952-ൽ പട്ടികജാതിക്കാർക്ക് പതിച്ച് നൽകിയതും, പതിച്ച് നൽകാൻ ബാക്കിയുളളതുമായ ഭൂമിയുടെ സർവ്വേ നടത്തുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുമോ;

(സി) പ്രസ്തുത പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്കൂളിന്റെ അധീനതയിലുളള ഏഴ് ഏക്കർ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അവിടെ പട്ടികജാതി വിദ്യാർത്ഥികൾക്കുളള മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മരോട്ടിച്ചോടിലെ കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റപ്പണി</u>

8396 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായ മരോട്ടിച്ചോടിലെ കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റപണികൾക്കായി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്‍ നല്‍കിയ സ്കോളര്‍ഷിപ്പ്

8397 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്‍ കഴിഞ്ഞ സാമ്പത്തിക വര്‍ഷം പിന്നോക്ക വിഭാഗങ്ങളിലെ എത്ര വിദ്യാര്‍ത്ഥികള്‍ക്കാണ് സ്കോളര്‍ഷിപ്പ് നല്‍കിയത് ; വിശദാംശം നല്കാമോ ;

(ബി) പ്രസ്തുത കോര്‍പ്പറേഷന്‍ കഴിഞ്ഞ സാമ്പത്തിക വര്‍ഷം ഈയിനത്തില്‍ എന്ത് തുകയാണ് ചെലവഴിച്ചത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ അധിഷ്ഠിത ടൂറിസം പദ്ധതി</u>

8398 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് മൊബൈൽ ഫോൺ അധിഷ്ഠിത പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാരം സൗകര്യപ്രദവും ആനന്ദദായകവുമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയിൽ പ്രവാസികളുടെ നിക്ഷേപം</u>

8399 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ടൂറിസം മേഖലകൾക്കാണ് പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രവാസികളുടെ നിക്ഷേപം സ്വീകരിച്ച് മലബാറിന് പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>ഉത്തരവാദ ടൂറിസം</u>

8400 ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉത്തരവാദടൂറിസം പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) വിനോദ സഞ്ചാരികൾക്ക് കുറ്റമറ്റതരത്തിൽ സേവനം ഉറപ്പുവരുത്തുന്നതിനും ടൂറിസത്തിന്റെ നേട്ടം തദ്ദേശവാസികൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതി ഉപകരിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഉത്തരവാദ ടൂറിസം പദ്ധതി എവിടെയെങ്കിലും പുതുതായി ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര പദ്ധതികള്‍ക്ക് അതിവേഗ ക്ലിയറന്‍സ്</u>

8401 ശ്രീ. പാലോട് രവി
,, റ്റി. എന്‍. പ്രതാപന്‍
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദ സഞ്ചാര പദ്ധതികള്‍ക്ക് വേഗത്തില്‍ അനുമതി നല്‍കുന്നതിനായി അതിവേഗ ക്ലിയറന്‍സ് സംവിധാനം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്ത് തുകയ്ക്ക് മുകളിലുള്ള പദ്ധതികള്‍ക്കാണ് ഇത്തരത്തില്‍ ക്ലിയറന്‍സ് നല്‍കാനുദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കണ്ടിജൻസി റെസ്പോൺസ് സെൽ</u>

8402 ശ്രീ. വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് കണ്ടിജൻസി റെസ്പോൺസ് സെൽ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ:

(സി) ഏതെല്ലാം തലത്തിലാണ് ഇത്തരം സെല്ലുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ടൂറിസം വികസനത്തിനായി കൺവെൻഷൻ ബ്യൂറോ

8403 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി സംസ്ഥാനത്ത് കൺവെൻഷൻ ബ്യൂറോ രൂപവത്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കൺവെൻഷൻ ബ്യൂറോയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്;

(സി) ഏതെല്ലാം ടൂറിസം മേഖലയിലാണ് ഇത്തരം ബ്യൂറോകൾ രൂപീകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ഈ സാമ്പത്തിക വർഷത്തെ കെ.ടി.ഡി.സി യുടെ വികസന പദ്ധതികൾ</u>

8404 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി യുടെ ഈ സാമ്പത്തിക വർഷത്തെ വികസന പദ്ധതികൾ എന്തൊക്കെയാണ്; വികസന പ്രവർത്തനങ്ങൾക്കായി മൊത്തം എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചെലവിന് സർക്കാരിൽ നിന്ന് എന്തു തുക സഹായമായി പ്രതീക്ഷിക്കുന്നു; ഇതിനായി വായ്പ എടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര; മുൻ വർഷം (2011-12) സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; ലഭിച്ചത് എത്ര;

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്; അതിൽ ടെണ്ടർ ചെയ്തവ ഏതൊക്കെ ;

(ഡി) മാർക്കറ്റിംഗിനായി എന്ത് തുക ചെലവഴിക്കാനുദ്ദേശിക്കുന്നുവെന്നും അവ ഏതെല്ലാം കാര്യങ്ങൾക്കാണെന്നും വിശദമാക്കുമോ;

(ഇ) നടപ്പു വർഷം നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ച ബേക്കൽ, മുഴപ്പിലങ്ങാട്, അഴീക്കോട്, ആലപ്പുഴ എന്നിവിടങ്ങളിലെ ഹോട്ടൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകാറായിട്ടുണ്ടോ; ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ; ഈ വർഷം എന്ത് തുക വീതം ഓരോ ഹോട്ടൽ നിർമ്മാണത്തിനുമായി ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കെ.ടി.ഡി.സിയുടെ ഹോട്ടലുകളിലെ സിനിമാ ഷൂട്ടിംഗ്</u>

8405 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.ടി.ഡി.സിയുടെ കീഴിലുള്ള ഏതെങ്കിലും ഹോട്ടലും പരിസരവും സിനിമയുടെ ഷൂട്ടിംഗിനായി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഹോട്ടലുകൾ എത്ര ദിവസത്തെ ഷൂട്ടിംഗിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്;

(ബി) ബോൾഗാട്ടി പാലസ് ഗ്രൗണ്ടിന് കെ.റ്റി.ഡി.സി ഈടാക്കുന്ന പ്രതിദിന വാടക എത്രയാണ്;

(സി) ഷൂട്ടിംഗിന് നൽകിയ ഇനത്തിൽ ഈ കാലയളവിൽ കെ.റ്റി.ഡി.സി യ്ക്കു ലഭിച്ച വരുമാനം എത്ര;

(ഡി) ഏത് ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട ഹോട്ടൽ മാനേജർമാർ ഷൂട്ടിംഗിന് അനുമതി നൽകിയത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>കെ. ടി.ഡി. സിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരുന്ന തുക</u>

8406 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം കെ. ടി. ഡി. സി യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നു;

(ബി) ഇതിൽ എത്ര തുക എന്തെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു;

(സി) തുക ലാപ്സായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

കോവളത്തെ 'സമുദ്ര' ഹോട്ടലിൽ കെ.ടി.ഡി.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

8407 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളത്തെ 'സമുദ്ര' ഹോട്ടലിൽ കെ. ടി. ഡി. സി. ഇപ്പോൾ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) സീ ഫുഡ് കിച്ചൻ നിർമ്മാണം നടത്തുന്നുണ്ടോ; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കിച്ചൻ നിർമ്മാണത്തിന് ബോർഡ് തീരുമാനം കൈക്കൊണ്ടിരുന്നുവോ; എങ്കിൽ എപ്പോൾ;

(ഡി) ഇതിന് സാങ്കേതിക അനുമതി നല്കിയിട്ടുണ്ടോ;

(ഇ) സീ ഫുഡ് കിച്ചൻ നിർമ്മാണത്തിന് ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ നിർമ്മാണത്തിന്റെ കോൺട്രാക്ട് ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വിപണന മേള</u>

8408 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.ടി.ഡി.സിയുടെ പങ്കാളിത്തത്തിലോ, സ്പോൺസർഷിപ്പിലോ ഏതെങ്കിലും ചാനലുമായോ, സ്വകാര്യ സ്ഥാപനങ്ങളുമായോ സഹകരിച്ച് കനകക്കുന്നിൽ വിപണനമേള സംഘടിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സ്വകാര്യ സ്ഥാപനവും ചാനലും ഏതാണെന്ന് വ്യക്തമാക്കുമോ; കെ.റ്റി.ടി.സി. യ്ക്ക് ഈ ഇനത്തിൽ ചെലവായ മൊത്തം തുക എത്രയായിരുന്നു; സ്വകാര്യ സ്ഥാപനത്തെ കണ്ടെത്തിയത് സുതാര്യമായ ടെണ്ടർ നടപടി ക്രമങ്ങളിലൂടെയായിരുന്നോ;

(സി) മേളയ്ക്കായി കനകക്കുന്നു കൊട്ടാര പരിസരം സൗജന്യ നിരക്കിൽ ലഭിച്ചിരുന്നോ; അതിനായി അപേക്ഷ നൽകിയത് ആരാണ്;

(ഡി) വിപണനമേളയുമായി സഹകരിക്കാനും തുക ചെലവഴിക്കാനും ബോർഡ് തീരുമാനം ഉണ്ടായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതി</u>

8409

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനകാര്യത്തിൽ മലബാറിനോടുള്ള അവഗണന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഒറ്റപ്പാലം മണ്ഡലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വൈക്കം ടൂറിസം വികസനം</u>

8410

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിനോദസഞ്ചാര പദ്ധതികളാണ് വൈക്കത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കായലുകളുടെയും മൃഗങ്ങളുടെയും സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായ വൈക്കത്തിന്റെ പ്രകൃതി സൗന്ദര്യം ഉപയോഗപ്പെടുത്തി സമഗ്ര ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന ടൂറിസം പാക്കേജിൽ വൈക്കത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിലെ ടൂറിസം വികസനം</u>

8411

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ നിരവധി ടൂറിസ്റ്റുകൾ എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിയാമ്പതിയുടെ താഴ്വരയിലുള്ള പോത്തുണ്ടി ഡാമും പരിസരവും വികസിപ്പിച്ചെടുത്ത് പുതിയ ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) നിലവിൽ നെന്മാറ മണ്ഡലത്തിലെ ടൂറിസം വികസനത്തിനായുള്ള ഏതെങ്കിലും പ്രോജക്ടുകൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വലിയപറമ്പ് ദ്വീപ് ടൂറിസം പദ്ധതി</u>

8412 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രകൃതി മനോഹരമായ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിനെയും ഇടയിലക്കാട്, കവ്വായി കായൽ എന്നിവയും കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ഇൻഫർമേഷൻ സെന്റർ, ബോട്ട് ലാന്റിംഗ് സെന്റർ എന്നിവ ഒരുക്കിയിട്ട് വർഷങ്ങളായിട്ടും ഇവ ഉപയോഗിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കിളിമാനൂർ ടൂറിസം പദ്ധതി</u>

8413

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയവും കൊട്ടാരവുമുൾക്കൊള്ളുന്ന പ്രദേശം ടൂറിസം പദ്ധതിയിൽപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പൊന്മുടി ടൂറിസ്റ്റ് കേന്ദ്രത്തിലെ സൗകര്യങ്ങൾ</u>

8414 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്മുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരു ദിവസം ശരാശരി എത്ര വിനോദസഞ്ചാരികൾ എത്തുന്നുണ്ട്;

(ബി) വിനോദ സഞ്ചാരികൾക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെല്ലാം സൗകര്യങ്ങളാണ് പുതുതായി ഒരുക്കിയിട്ടുള്ളതെന്നും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ഡി) പൊന്മുടിയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പൂക്കോട് തടാകത്തിന്റെ വികസനം</u>

8415 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൂക്കോട് തടാകത്തിന്റെ ടൂറിസം വികസനത്തിനായി വൈത്തിരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പൂക്കോട് തടാക വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മുംബൈ കേരളാ ഹൗസ്</u>

T 8416 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബൈയിൽ എത്തുന്ന കേരളീയർക്ക് മുംബൈ കേരളാ ഹൗസ് മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(ബി) മുംബൈ കേരളാ ഹൗസിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ എന്തെല്ലാം; ;

(സി) മുംബൈ കേരളാ ഹൗസിൽ കോൺഫറൻസ് ഹാൾ ലഭ്യമാണോ;

(ഡി) മുംബൈയിലെ മലയാളി സംഘടനകൾക്ക് അവരുടെ മീറ്റിംഗുകൾക്കും കൂട്ടായ്മകൾക്കും മുംബൈ കേരളാ ഹൗസിലെ കോൺഫറൻസ് ഹാൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകണമെന്നാവശ്യപ്പെട്ട് മുംബൈ മലയാളികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ മുംബൈ കേരളാ ഹൗസിലെ കോൺഫറൻസ് ഹാൾ മിതമായ നിരക്കിൽ വാടകയ്ക്കു നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം</u>

8417

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സമിതികളോ സർക്കാർ ഏജൻസികളോ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശുപാർശയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസ്</u>

8418

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിൻ കീഴിൽ തിരുവനന്തപുരം റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഓഫീസിന്റെ ഘടന വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലെ
ഗ്രന്ഥശാലകളുടെ പ്രവർത്തനം</u>

8419 ശ്രീ. സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രന്ഥശാലകളുടെ പ്രവർത്തനം ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈബ്രറി സെസ്സ് പിരിച്ചെടുത്ത് നൽകിയിട്ടും, ഗ്രന്ഥശാലകൾക്ക് ഗ്രാമീണ ജനതയ്ക്കിടയിൽ ഉണ്ടായിരുന്ന സ്വാധീനം നഷ്ടപ്പെടാനിടയായ കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കാനും, നിഷ്പ്രയോജനകരമായി പണം ചെലവിടുന്നുണ്ടോ എന്നു പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 16.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.